**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **18-09-2025 - ൽ മറുപടിയ്ക്ക്**

**മത ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ദെലീമ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കും വിവാഹമോചിതർക്കും വേണ്ടി പുതിയ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് മത ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കും വിവാഹമോചിതർക്കും വേണ്ടി പുതിയ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ/ വിവാഹമോചിതർ ഉപേക്ഷിക്കപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾ എന്നിവർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേനയുള്ള ലോൺ തുകയുടെ ഇരുപതു ശതമാനമോ പരമാവധി ഒരു ലക്ഷം രൂപയോ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. |
| (ബി) | പ്രസ്തുത സ്വയം തൊഴിൽ പദ്ധതികൾക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കും വിവാഹമോചിതർക്കും വേണ്ടി ആരംഭിച്ച പുതിയ സ്വയംതൊഴിൽ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭ്യമാക്കുംവിധം അർഹതാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതുൾപ്പെടെയുള്ള നടപടി പൂർത്തീകരിച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ